ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ)*:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലെ പ്രവർത്തനങ്ങൾ സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ പ്രാവർത്തികമായിട്ടില്ല.

(ബി) & (സി) ധാരണാപത്രം ഒപ്പ് വച്ച പദ്ധതികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ഡി) & (ഇ) പദ്ധതികൾ ഒന്നുംതന്നെ പ്രാവർത്തികമായിട്ടില്ല.

സെക്രട്ടേറിയറ്റ് നടയിലെ സമരങ്ങൾ

*6 [633] *ശ്രീ. തോമസ് ഉണ്ണിയാടൻ :*
,, സ്റ്റീഫൻ ജോർജ് :
ശ്രീമതി എലിസബത്ത് മാമൻ മത്തായി :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റ് നടയിൽ പ്രതിദിനം പെരുകിവരുന്ന സമര പരിപാടികൾ പൊതുജനജീവിതത്തിന് ഭീഷണിയായി മാറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്തവിധം സമരപന്തലുകൾ, മാർച്ചുകൾ, ധർണ്ണകൾ എന്നിവയ്ക്കായി പ്രത്യേക സ്ഥലം അനുവദിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)*:

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിവിധ രാഷ്ട്രീയ പാർട്ടി നേതാക്കളുമായി ചർച്ച ചെയ്തു തീരുമാനിക്കുന്നതാണ്.

സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനം മോനിട്ടർ ചെയ്യുന്നതിന് സംവിധാനം

*7 [634] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ :*
,, എ. സി. മൊയ്തീൻ :
,, കെ. പി. സതീശ് ചന്ദ്രൻ :
,, വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

† അനുബന്ധം —I

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളുടെയും ലബോറട്ടറികളുടെയും പ്രവർത്തനങ്ങൾ പരിശോധിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾ രോഗികളിൽനിന്നും അമിത ഫീസ് ഈടാക്കുകയും യോഗ്യതയില്ലാത്ത ലാബ് ടെക്നീഷ്യന്മാർ രോഗനിർണ്ണയം നടത്തുകയും ചെയ്യുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനം മോനിട്ടർ ചെയ്യുന്നതിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ)* :

(എ)ഇപ്പോൾ ഇതിനായി പ്രത്യേക സംവിധാനങ്ങളൊന്നും നിലവിലില്ല.

(ബി) ഇല്ല.

(സി) & (ഡി) ഉണ്ട്. സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ആശുപത്രികൾ, ലാബുകൾ, നഴ്സിംഗ് ഹോമുകൾ എന്നിവയുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനായി ഒരു കരട് ബിൽ തയ്യാറാക്കുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ചെയർമാനായി സ. ഉ. 2394/04/ആകുവ തീയതി 21-8-2004 പ്രകാരം ഒരു വിദഗ്ദ്ധ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

ആകസ്മികമായി മരണമടയുന്ന ആദിവാസികളുടെ കുടുംബത്തിന് ധനസഹായം

*8 [636] *ശ്രീ. പി. കെ. അബ്ദുറബ്ബ് :*
,, *ഇസ്ഹാക് കുരിക്കൾ :*
,, *കളത്തിൽ അബ്ദുള്ള :*
,, *നാലകത്ത് സൂപ്പി :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആകസ്മിക മരണം സംഭവിക്കുന്ന ആദിവാസികളുടെ കുടുംബത്തിന് അടിയന്തിര ധനസഹായം നൽകുന്ന എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിപ്രകാരം എന്തു തുകയാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഇല്ലെങ്കിൽ അടിയന്തിര ധനസഹായം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly